**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

2026 ഒക്ടോബർ 12, തിങ്കൾ

## നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**മുഖ്യമന്ത്രി**

**ആരോഗ്യ – ദേവസ്വം വകുപ്പ് മന്ത്രി**

**ഭക്ഷ്യ – പൊതുവിതരണ വകുപ്പ് മന്ത്രി**

**തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി**

**സപ്ലൈകോയുടെ ഉത്സവകാല വിൽപ്പന**

***1 ശ്രീ. എൻ. ശക്തൻ**

**ശ്രീ. സി. വി. ശാന്തകുമാർ**

**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഇത്തവണത്തെ സർക്കാർ ഓണച്ചന്തകളിലും സപ്ലൈകോ ഔട്ട്ലെറ്റുകളിലും മാവേലിസ്റ്റോറുകളിലും സൂപ്പർമാർക്കറ്റുകളിലും റെക്കോർഡ് വിൽപ്പന നടന്നിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;

**(ബി)** പൊതുവിപണിയിലെ ഇടപെടൽ കൂടുതൽ കാര്യക്ഷമമായി നടത്താൻ കഴിഞ്ഞതിനാൽ ഉത്സവകാല വിലക്കയറ്റം പിടിച്ചുനിർത്താൻ കഴിഞ്ഞിരുന്നോ; വ്യക്തമാക്കാമോ;

**(സി)** ഉത്സവകാല ആവശ്യം മുൻകൂട്ടി കണ്ട് അവശ്യ സാധനങ്ങളുടെയും സബ്സിഡി സാധനങ്ങളുടെയും പരമാവധി സ്റ്റോക്ക് എത്തിക്കാൻ കഴിഞ്ഞത് മൂലം വിൽപ്പന കൂടാൻ ഇടയായിട്ടുണ്ടോ; വിശദാംശം നൽകാമോ?

## സ്ത്രീ സുരക്ഷാ പെൻഷൻ പദ്ധതി

*2 **ശ്രീ. കെ. കെ. വത്സരാജ്**

**ശ്രീ. ജി. ആർ. അനിൽ**

**ശ്രീ. പി. പ്രസാദ്**

**ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർദ്ധനരായ സ്ത്രീകൾക്ക് ആശ്വാസമായി കഴിഞ്ഞ സർക്കാർ സ്ത്രീ സുരക്ഷാ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) സ്ത്രീ സുരക്ഷാ പെൻഷൻ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പത്ത് ലക്ഷത്തിലധികം ഗുണഭോക്താക്കൾക്ക് ആദ്യ ഗഡു പെൻഷൻ തുക കഴിഞ്ഞ സർക്കാർ വിതരണം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീ സുരക്ഷാ പെൻഷൻ പദ്ധതിയിനത്തിൽ അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരമുള്ള തുക വർധിപ്പിക്കുന്നതിനും മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## ശമ്പള പരിഷ്കരണ നടപടികൾ

*3 **പ്രൊഫ. സി. രവീന്ദ്രനാഥ്**

**ശ്രീ. കെ. എൻ. ബാലഗോപാൽ**

**ശ്രീ. കെ. കെ. രാമചന്ദ്രൻ**

**ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്ന് മാസത്തിനകം റിപ്പോർട്ട് വാങ്ങി നടപടികൾ ആരംഭിക്കുമെന്ന് മുൻ സർക്കാർ പ്രഖ്യാപിച്ചിരുന്ന ശമ്പള പരിഷ്കരണ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷം ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുമോയെന്നും അഞ്ച് വർഷതത്വം പാലിക്കുമോയെന്നും

വ്യക്തമാക്കാമോ;

**(സി)** ലാസ്റ്റ് ഗ്രേഡ്, പാർട്ടൈം കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് പണമായും മറ്റ് ജീവനക്കാർക്ക് പി.എഫ്. അക്കൗണ്ടിലേക്കും എന്നവരെ ലീവ് സറണ്ടർ ആനുകൂല്യം നൽകിയിട്ടുണ്ട്;

**(ഡി)** നടപ്പു സാമ്പത്തിക വർഷം ചുരുക്കം ജീവനക്കാർക്ക് ലീവ് സറണ്ടർ ആനുകൂല്യം ലഭിക്കുകയും ഭൂരിപക്ഷത്തിനും ആയത് നിഷേധിക്കപ്പെടുകയും ചെയ്ത നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(ഇ)** ലീവ് സറണ്ടർ ആനുകൂല്യം 01.06.2026 മുതൽ മുൻകാല പ്രാബല്യത്തോടെ പുനഃസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എപ്പോൾ അനുവദിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>ഒരു തദ്ദേശസ്ഥാപനത്തിന് ഒരു വെബ്സൈറ്റ് പദ്ധതി</u>**

***4** **ശ്രീ. വി. പി. സജീന്ദ്രൻ**

**ശ്രീ. മനോജ് മൂത്തേടൻ**

**ശ്രീ. ജ്യോതികുമാർ ചാമക്കാല**

**ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** തദ്ദേശസ്വയംഭരണ വകുപ്പിന്റെ സേവനങ്ങൾ സുതാര്യവും കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിലേക്കും മാറ്റുന്നതിന്റെ ഭാഗമായി ഒരു തദ്ദേശസ്ഥാപനത്തിന് ഒരു വെബ്സൈറ്റ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

**(ബി)** വർദ്ധിച്ച ജനപങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ അഭിപ്രായങ്ങളും പരാതികളും രേഖപ്പെടുത്തുവാൻ കഴിയുന്ന രീതിയിൽ ക്യു.ആർ. അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

**(സി)** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് മറ്റ് എന്തൊക്കെ പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>കിഫ്ബിയുടെ പ്രവർത്തനവും ഫണ്ടും</u>**

*5 **ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. കെ. എം. അഭിജിത്ത്**

**ശ്രീമതി കെ. കെ. രമ**

**ശ്രീ. രമേഷ് പിഷാരടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി രൂപീകരിക്കുന്നതിന് മുൻപ് സംസ്ഥാന സർക്കാർ ഇൻഫ്രാസ്ട്രക്ച്ചർ ഫൈനാൻസിങ് നടത്തിയിരുന്നത് എങ്ങനെയായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി ഏതൊക്കെ സ്ഥാപനങ്ങളാണ് ഉണ്ടായിരുന്നത്; പ്രസ്തുത സ്ഥാപനങ്ങൾ ഇപ്പോഴും അടിസ്ഥാന സൗകര്യ വികസന മേഖലയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കിഫ്ബി എങ്ങനെയാണ് ഫണ്ട് ശേഖരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; കിഫ്ബി നിലവിൽ വന്നത് മുതൽ നാളിതുവരെ ശേഖരിച്ചിട്ടുള്ള ഫണ്ട് വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) വിദേശത്തുള്ള സ്റ്റോക്ക് എക്സ്ചേഞ്ചിൽ കൂടിയ നിരക്കിൽ കിഫ്ബി ബോണ്ട് ഇഷ്യൂ ചെയ്തത് എന്തിനാണെന്ന് വ്യക്തമാക്കാമോ; രൂപം കൊണ്ടതിനുശേഷം എത്ര മസാല ബോണ്ടുകൾ കിഫ്ബി വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) കിഫ്ബിക്ക് ഇൻഫ്രാസ്ട്രക്ച്ചർ മേഖലയിലല്ലാതെ മറ്റ് മേഖലകളിൽ ഇൻവെസ്റ്റ്മെന്റ് ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

## <u>സിൽവർ ഇക്കോണമി</u>

*6 **ശ്രീ. വി. കുഞ്ഞികൃഷ്ണൻ**

**ശ്രീ. വിഷ്ണു മോഹൻ**

**ശ്രീ. ഉല്ലാസ് കോവൂർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജന ജനസംഖ്യ വർധിക്കുന്ന സാഹചര്യത്തിൽ സിൽവർ ഇക്കോണമി നയം രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സിൽവർ ഇക്കോണമിയുടെ ഭാഗമായി വയോജന സംരക്ഷണ മേഖലയിൽ (എൽഡർകെയർ സർവീസസ് ) പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി എന്തെല്ലാം പരിശീലന പദ്ധതികളാണ് നടപ്പിലാക്കുന്നത്; വ്യക്തമാക്കാമോ;

(സി) വിരമിച്ച മുതിർന്ന പൗരന്മാരുടെ സേവനവും പരിചയസമ്പത്തും പ്രയോജനപ്പെടുത്താൻ ആക്ടീവ് ഏജിംഗ് പദ്ധതികൾ വഴി എന്തെല്ലാം തരം തൊഴിൽ/സംരംഭകത്വ അവസരങ്ങളാണ് ഒരുക്കുന്നത്; വിശദമാക്കാമോ;

(ഡി) മുതിർന്ന പൗരന്മാർക്കായി പ്രത്യേക സ്റ്റാർട്ടപ്പുകൾക്കോ സംരംഭങ്ങൾക്കോ സാമ്പത്തികസഹായമോ ബാങ്ക് വായ്പകളോ നൽകുന്ന പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## പിൻവാതിൽ നിയമനങ്ങൾ തടയാൻ നടപടി

*7 **ശ്രീ. പി. പി. സുമോദ്**

**ശ്രീ. വി. ജോയി**

**ശ്രീ. കാരായി രാജൻ**

**ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്ക് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് വ്യാപകമായി പിൻവാതിൽ നിയമനങ്ങൾ നടക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യവസായ വകുപ്പിലെ കെ.എസ്.ഐ.ഇ., എസ്.ഐ.എഫ്.എൽ. എന്നിവയുടെയും വനിതാ-ശിശുക്ഷേമ വകുപ്പിലെ വനിതാ വികസന കോർപ്പറേഷന്റെയും തലപ്പത്ത് പിൻവാതിൽ നിയമനം നടത്തിയെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ;

(സി) പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡ് നിലവിലിരിക്കെ മാനദണ്ഡങ്ങൾ പാലിക്കാതെ ഉന്നത തസ്തികകളിൽ സർക്കാർ നേരിട്ട് നിയമനം നടത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തിരുത്താൻ തയ്യാറാകുമോ;

(ഡി) വിവിധ കോർപ്പറേഷനുകളുടെ തലപ്പത്ത് ചട്ടങ്ങൾ മറികടന്ന് നടത്തിയതായി പറയപ്പെടുന്ന ഇത്തരം നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുനഃപരിശോധിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ലൈഫ് ഭവന പദ്ധതി</u>

*8 **ശ്രീ. യു. ആർ. പ്രദീപ്**

**ശ്രീ. സജി ചെറിയാൻ**

**ശ്രീ. സി. കെ. ഹരീന്ദ്രൻ**

**ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി നിർത്തലാക്കുന്നതിന് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ അംഗീകരിച്ച ലിസ്റ്റിൽ ഇനിയും സഹായം ലഭിക്കുവാൻ അവശേഷിക്കുന്ന കുടുംബങ്ങളെ സഹായിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ നിർമ്മാണം പാതി വഴിയിലെത്തിയ ഗുണഭോക്താക്കൾക്ക് പണി പൂർത്തിയാക്കുവാൻ ധനസഹായം ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സമയബന്ധിതമായി സഹായം ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് ലൈഫ് ഭവന പദ്ധതിയിൽ വീട് നിർമ്മിക്കുന്നതിന് നൽകിയിരുന്ന തുക എത്രയെന്നും ഇതിൽ വകുപ്പിന്റെ വിഹിതം എത്രയാണെന്നും മുൻപ് എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ; ഗുണഭോക്തൃ വിഹിതം ഈടാക്കിയിരുന്നോ; വിശദമാക്കാമോ;

(ഇ) പി.എം.എ.വൈ 2.0 പദ്ധതി പ്രകാരം ഗുണഭോക്താവ് ഒരു ലക്ഷം രൂപ വഹിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(എഫ്) പി.എം.എ.വൈ. പദ്ധതിയിൽ കേന്ദ്ര സർക്കാരിന്റെ ലോഗോ പതിക്കാനുള്ള നിർദ്ദേശം അംഗീകരിക്കാൻ കഴിയില്ലെന്ന് മുൻ

സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നോ; പ്രസ്തുത നിർദ്ദേശം ഈ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ശബരിമലയിലെ അടിസ്ഥാനസൗകര്യ വികസനം

*9 **ശ്രീ. വി. ടി. സൂരജ്**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. സേനാപതി വേണു**
**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പമ്പയിലെയും സന്നിധാനത്തെയും മാലിന്യസംസ്കരണ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

**(ബി)** ശബരിമലയിലെ ആരോഗ്യ സേവനങ്ങൾ, അടിയന്തര ചികിത്സാ കേന്ദ്രങ്ങൾ, ആംബുലൻസ് സേവനങ്ങൾ എന്നിവ വികസിപ്പിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

**(സി)** ശബരിമല വികസനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്താൻ പ്രത്യേക സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ?

## അടിയന്തരാവശ്യങ്ങൾക്കുള്ള മരുന്നുകളുടെ ലഭ്യത

*10 **ശ്രീ. കെ. വി. സുമേഷ്**
**ശ്രീ. കെ. എൻ. ബാലഗോപാൽ**
**ശ്രീ. ടി. എം. ശശി**
**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ജീവൻരക്ഷാ മരുന്നുകളുടെ ക്ഷാമം നേരിടുന്നതിനാൽ രോഗികൾ കടുത്ത ദുരിതത്തിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാരസെറ്റാമോൾ ഇൻജെക്ഷൻ, പേവിഷ പ്രതിരോധ വാക്സിൻ, ഡ്രിപ്പിനുള്ള ഐ.വി ഫ്ലൂയിഡ്, സലൈൻ, ആന്റിബയോട്ടിക്കുകൾ എന്നിവയ്ക്ക് പുറമെ ഹൃദയാഘാതം, പക്ഷാഘാതം, കടുത്ത അലർജി തുടങ്ങിയ അടിയന്തര ഘട്ടങ്ങളിൽ നൽകേണ്ട ജീവൻരക്ഷാ കുത്തിവയ്പുകൾ പോലും സർക്കാർ ആശുപത്രികളിൽ ലഭ്യമല്ലെന്ന് പറയപ്പെടുന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ;

(സി) അടിയന്തര ആവശ്യങ്ങൾക്കുള്ള മരുന്നുകൾ ലോക്കൽ പർച്ചേസ് വഴി ലഭ്യമാക്കാൻ നിർദ്ദേശമുണ്ടെങ്കിലും ആശുപത്രി അധികൃതർ അതിന് തയ്യാറാകാതെ നിർദ്ധനരായ രോഗികളെക്കൊണ്ട് പുറത്തുനിന്ന് മരുന്നുകൾ വാങ്ങിപ്പിക്കുകയാണെന്ന ആക്ഷേപം വസ്തുതാപരമാണോ;

(ഡി) എല്ലാ സർക്കാർ ആശുപത്രികളിലും ജീവൻരക്ഷാ മരുന്നുകളടക്കമുള്ളവയുടെ ലഭ്യത അടിയന്തരമായി ഉറപ്പാക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**<u>നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ നടപടി</u>**

*11 **ശ്രീമതി ഒ. എസ്. അംബിക**
**ശ്രീ. വി. ജോയി**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സവാള, പഞ്ചസാര തുടങ്ങിയ നിത്യോപയോഗ സാധനങ്ങളുടെ വില ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ഇരട്ടിയായി കുതിച്ചുയർന്ന് പൊതുജനജീവിതം ദുസ്സഹമായിട്ടും വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ സർക്കാർ നിസംഗത പാലിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലാവസ്ഥാ വ്യതിയാനവും കരുതൽ ശേഖരത്തിലെ പാളിച്ചകളും മൂലം സവാള ഉൾപ്പെടെയുള്ളവയുടെ വരവിൽ കുറവുണ്ടാകുമെന്നും ചില്ലറ-മൊത്ത വിപണികളിൽ വലിയ തോതിൽ വിലവർദ്ധനവ് ഉണ്ടാകുമെന്നുമുള്ള സാഹചര്യം മുൻകൂട്ടി കണ്ട് സംസ്ഥാനത്തേക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ സംഭരിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടുവെന്ന ആക്ഷേപം വസ്തുതാപരമാണോ;

(സി) പഞ്ചസാരയുടെയും മറ്റ് അവശ്യസാധനങ്ങളുടെയും വില അനിയന്ത്രിതമായി ഉയരുന്ന സാഹചര്യത്തിൽ വിപണിയിൽ നടക്കുന്ന കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനും അമിതവില നിയന്ത്രിക്കുന്നതിനും സർക്കാർ നടത്തിയ ഇടപെടലുകളും സ്വീകരിച്ച നടപടികളും വിശദമാക്കാമോ;

(ഡി) റോഡ് മാർഗ്ഗവും മറ്റും സംസ്ഥാനത്തേക്ക് എത്തിക്കുന്ന പരിമിതമായ ചരക്കുകൾ വിലക്കയറ്റം തടയാൻ പര്യാപ്തമല്ലാത്തതിനാൽ സപ്ലൈകോ ഉൾപ്പെടെയുള്ള പൊതുവിതരണ സംവിധാനങ്ങൾ വഴി സവാളയും പഞ്ചസാരയുമടക്കമുള്ള അവശ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ ജനങ്ങളിലേക്കെത്തിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>നൂറ് ദിന പരിപാടികളുടെ നിരീക്ഷണവും പദ്ധതിനിർവഹണ പുരോഗതിയും</u>**

*12 **ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. സജീവ് ജോസഫ്**

**ശ്രീ. പഴകുളം മധു**

**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച നൂറ് ദിന പരിപാടികൾ നിരീക്ഷിക്കാൻ പ്രത്യേക സംവിധാനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഓരോ വകുപ്പിന്റെയും നൂറ് ദിന പരിപാടികളുടെ വിവരങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ടറിയാൻ സാധിക്കുമോ; അതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) പദ്ധതിനിർവഹണ പുരോഗതി വിലയിരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; മേൽനോട്ടത്തിന് പ്രത്യേക സംവിധാനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന-ക്ഷേമ പ്രവർത്തനങ്ങൾ</u>**

*13 **ശ്രീ. കാരായി രാജൻ**

**ശ്രീ. പി. എ. മുഹമ്മദ് റിയാസ്**

**ശ്രീ. കെ. പ്രേമൻ**

**ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** നടപ്പു സാമ്പത്തിക വർഷത്തെ വികസന ഫണ്ടിന്റെ രണ്ടാം ഗഡു കാലാവധി കഴിഞ്ഞിട്ടും അനുവദിക്കാത്തതിനാൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന-ക്ഷേമ പ്രവർത്തനങ്ങൾ പൂർണ്ണമായും സ്തംഭിച്ചിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആകെ വെട്ടിക്കുറച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

**(ബി)** മുൻ സർക്കാർ ബജറ്റിൽ തദ്ദേശ സ്ഥാപനങ്ങൾക്കായി വകയിരുത്തിയിരുന്ന തുക പുതുക്കിയ ബജറ്റിലൂടെ ഗണ്യമായി വെട്ടിക്കുറച്ചതും, തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം കാരണം മുൻ സാമ്പത്തിക വർഷം നൽകാനാകാതെ സ്പിൽ ഓവറായി മാറിയ അവസാന ഗഡു നൽകാൻ നിലവിലെ സർക്കാർ തയ്യാറാകാത്തതുമാണ് ഈ കടുത്ത പ്രതിസന്ധിക്ക് കാരണമെന്ന ആക്ഷേപം വസ്തുതാപരമാണോ;

**(സി)** തദ്ദേശ സ്ഥാപനങ്ങൾക്ക് ഫണ്ട് ലഭ്യമല്ലാത്തതിനാൽ സർക്കാർ ആശുപത്രികൾക്ക് മരുന്ന് വാങ്ങാൻ കഴിയാത്ത അവസ്ഥയാണെന്നും അങ്കണവാടികളിലെ പോഷകാഹാര വിതരണം, ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം, കിടപ്പുരോഗികൾ, ഭിന്നശേഷിക്കാർ, വയോജനങ്ങൾ, അതിദരിദ്രർ തുടങ്ങിയ മുൻഗണനാ വിഭാഗങ്ങൾക്കുള്ള പദ്ധതികൾ കാര്യക്ഷമമായി നടക്കുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(ഡി)** സാധാരണക്കാർക്കുള്ള ക്ഷേമ-ആരോഗ്യ പദ്ധതികൾ മുടങ്ങാതിരിക്കാൻ വെട്ടിക്കുറച്ച ബജറ്റ് വിഹിതവും മുടങ്ങിക്കിടക്കുന്ന വികസന ഫണ്ട് ഗഡുക്കളും അടിയന്തരമായി തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

## പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കാൻ നടപടി

***14** **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീമതി ഉഷ വിജയൻ**

**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കഴിഞ്ഞ ഓണക്കാലത്ത് വിലക്കയറ്റം പിടിച്ചു നിർത്താൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**(ബി)** റേഷൻ കടകളിലും മാവേലിസ്റ്റോറുകളിലും പ്രത്യേക ഓണച്ചന്തകളിലും ആവശ്യത്തിന് സാധനങ്ങൾ വിലകുറച്ച് നൽകുവാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**(സി)** കരിഞ്ചന്തയും പൂഴ്ത്തിവെയ്പ്പും കർശനമായി തടഞ്ഞും ഗുണമേന്മ ഉറപ്പാക്കിയും മതിയായ അളവിൽ സബ്സിഡി സാധനങ്ങൾ ലഭ്യമാക്കിയും പൊതുവിതരണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>കെ.എ.എസ്. റാങ്ക് പട്ടികയിൽ നിന്നുള്ള നിയമനം</u>**

***15** **ശ്രീ. എ. പ്രഭാകരൻ**

**ശ്രീ. എ. സി. മൊയ്തീൻ**

**ശ്രീ. എം. വിജിൻ**

**ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാന ഭരണ നിർവ്വഹണ രംഗത്ത് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി രൂപീകരിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (കെ.എ.എസ്.) അട്ടിമറിക്കാനുള്ള നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

**(ബി)** പുതിയ തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനായുള്ള ഫയലുകൾ പൊതുഭരണ വകുപ്പിൽ തടഞ്ഞു വെച്ചിരിക്കുകയാണെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**(സി)** മുൻ സർക്കാർ തീരുമാനിച്ചിരുന്ന ഡെപ്യൂട്ടേഷൻ റിസർവ് തസ്തികകളിലേക്കുള്ള നിയമന നടപടികൾ ചില സർവ്വീസ് സംഘടനാ

നേതാക്കളുടെ സമ്മർദ്ദത്തിന് വഴങ്ങി മരവിപ്പിച്ചിരിക്കുകയാണെന്ന ആരോപണം വസ്തുതാപരമാണോയെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ഫയലുകളിൽ അടിയന്തര തീർപ്പ് കൽപ്പിച്ച് സിവിൽ സർവീസ് പരീക്ഷകളിൽ ഉൾപ്പെടെ ഉന്നത വിജയം നേടി റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അർഹമായ നിയമനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>**ബിസിനസ് പോളിസി ആൻഡ് പ്രോസസ് റീ-എഞ്ചിനീയറിംഗ് സെൽ**</u>

***16 ശ്രീ. എം. ആർ. ബൈജു**

**ശ്രീ. എൻ. ശക്തൻ**

**ശ്രീ. സി. വി. ശാന്തകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ സംവിധാനങ്ങൾ മെച്ചപ്പെടുത്താനും കാലഹരണപ്പെട്ട നിയമങ്ങൾ പരിഷ്ക്കരിക്കാനും സർക്കാർ തീരുമാനിച്ച ബിസിനസ് പോളിസി ആൻഡ് പ്രോസസ് റീ-എഞ്ചിനീയറിംഗ് സെല്ലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നല്കാമോ;

(ബി) വിവിധ വകുപ്പുകളുടെ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാകുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും റീ- എഞ്ചിനീയറിംഗ് സെല്ലിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; സെല്ലിന്റെ നടപടികൾ എങ്ങനെയാണെന്ന് വിശദമാക്കാമോ;

(സി) സർക്കാർ പ്രവൃത്തികളിൽ ബിസിനസ് പോളിസി ആൻഡ് പ്രോസസ് റീ-എഞ്ചിനീയറിംഗ് സെൽ എന്ന ആശയം എപ്രകാരമാണ് ഫലപ്രദമായി നടപ്പിലാക്കുക എന്ന് വിശദമാക്കാമോ?

<u>**പാലക്കാട് റെയിൽവേ ഡിവിഷന്റെ വിഭജനം**</u>

***17 ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. കുറുക്കോളി മൊയ്തീൻ**

**ശ്രീ. എം. റഹ്മത്തുള്ള**

**ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പാലക്കാട് റെയിൽവേ ഡിവിഷനിൽ ഉൾപ്പെട്ടിരുന്ന മംഗളൂരു കേന്ദ്രീകരിച്ചുള്ള ഭാഗങ്ങൾ മൈസൂർ ഡിവിഷന്റെ ഭാഗമാക്കിയ കേന്ദ്ര സർക്കാരിന്റെ നടപടി സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലിയിരുത്തിയിട്ടുണ്ടോ;

**(ബി)** പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ ആശങ്ക കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

**(സി)** പാലക്കാട് ഡിവിഷനുണ്ടാകുന്ന വരുമാന നഷ്ടം പുതിയ ട്രെയിനുകൾ അനുവദിക്കുന്നതിനെ ബാധിക്കുമോ എന്നു പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>പെരുമാറ്റച്ചട്ടം</u>**

***18** **ശ്രീ. കെ. രാജൻ**

**ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**

**ശ്രീ. മുഹമ്മദ് മുഹസിൻ**

**ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് മന്ത്രിമാർക്ക് പെരുമാറ്റചട്ടം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ഇതുപ്രകാരം മുഖ്യമന്ത്രിയോ മന്ത്രിമാരോ വ്യക്തികൾ,സംഘടനകൾ എന്നിവയിൽ നിന്നും സൗജന്യങ്ങൾ സ്വീകരിക്കുന്ന കാര്യത്തിൽ വ്യക്തത വരുത്താമോ;

**(ബി)** മുഖ്യമന്ത്രിയുടെ ഔദ്യോഗികവും അനൗദ്യോഗികവുമായ യാത്രാ ചെലവുകൾ നിയമപരമായി നിർവ്വഹിക്കുന്നത് സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നും തുക ചെലവഴിച്ചാണോയെന്ന് വിശദമാക്കുമോ;

**(സി)** മുഖ്യമന്ത്രിയുടെയോ മന്ത്രിമാരുടെയോ യാത്ര, താമസം, ഭക്ഷണം എന്നിവയുടെ ചെലവുകൾ വ്യക്തികൾക്കോ സംഘടനകൾക്കോ സ്പോൺസർ ചെയ്യാൻ നിയമപരമായി വ്യവസ്ഥയുണ്ടോയെന്ന് വിശദമാക്കുമോ;

**(ഡി)** മുഖ്യമന്ത്രിയുടെയോ മന്ത്രിമാരുടെയോ ഔദ്യോഗിക യാത്രാ ചെലവുകൾ സ്പോൺസർ ചെയ്യുന്ന വ്യക്തികൾ, സംഘടനകൾ എന്നിവയെ

സംബന്ധിച്ച വിവരങ്ങൾ രഹസ്യമായി വയ്ക്കുന്നുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ;

**(ഇ)** മുഖ്യമന്ത്രിയുടെ യാത്രയ്ക്ക് സൗജന്യമായി വിമാനം നൽകുവാനും മറ്റ് സജ്ജീകരണങ്ങൾ ഏർപ്പെടുത്താനും അഭ്യുദയകാംക്ഷികൾ തയ്യാറാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

<u>**പി.എസ്.സി.യിലെ ക്രമക്കേടുകൾ**</u>

***19 ശ്രീ. പി. കെ. നവാസ്**
**ശ്രീമതി ഫാത്തിമ തഹിലിയ**
**ശ്രീ. പി. കെ. ഫിറോസ്**
**ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിവിധ പരീക്ഷകൾക്ക് ചോദ്യം തയ്യാറാക്കുന്നതിലും ഇന്റർവ്യൂ ഉൾപ്പെടെയുള്ളവയ്ക്ക് മാർക്കിടുന്നതിലും ഗുരുതരമായ ക്രമക്കേടുകൾ നടന്നതായി പറയപ്പെടുന്ന ആക്ഷേപം പരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതുതരത്തിലുള്ള അന്വേഷണമാണ് നടത്താൻ തീരുമാനിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

**(ബി)** പി.എസ്.സി.യുടെ വിശ്വാസ്യത നിലനിർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

<u>**ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ഭരണപരിഷ്കാരങ്ങൾ**</u>

***20 ശ്രീ. അൻവർ സാദത്ത്**
**ശ്രീ. നാട്ടകം സുരേഷ്**
**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**
**ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് പദ്ധതികൾ വൈകുന്നതു മൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കാൻ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ പരിഷ്കാരങ്ങൾ

ഉൾപ്പെടെ അഞ്ചിന ഭരണ പരിഷ്കാര നടപടികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നിർവഹണത്തിനും ഏകോപനത്തിനും ഉന്നതാധികാര സമിതിയെ നിയോഗിക്കാൻ നടപടി എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഡിജിറ്റൽ ഭരണപരിഷ്കാരങ്ങൾ നടപ്പിലാക്കുമ്പോൾ ഡാറ്റ സുരക്ഷയ്ക്ക് പ്രാധാന്യമുള്ളതിനാൽ സംസ്ഥാനത്തെ ഏജൻസികൾക്ക് മുൻഗണന നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം</u>

***21 ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ. പ്രേംകുമാർ**
**പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിന് മുൻ സർക്കാരിന്റെ കാലത്ത് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരുന്നത്; 2026 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ എത്ര ഗുണഭോക്താക്കൾക്കാണ് പെൻഷൻ വിതരണം ചെയ്തിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) പെൻഷൻ വിതരണത്തിൽ നിന്ന് സഹകരണ ബാങ്കുകളെ ഒഴിവാക്കാൻ നിലവിലെ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പെൻഷൻ വിതരണത്തിൽ നിന്നും സഹകരണ ബാങ്കുകളെ ഒഴിവാക്കുന്നത് വയോജനങ്ങളെയും അവശരെയും ദോഷകരമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം സർക്കാർ പുനഃപരിശോധിക്കുമോ എന്നും ഇതുസംബന്ധിച്ച തീരുമാനം എന്തെന്നും അറിയിക്കാമോ;

(ഡി) സാമൂഹ്യക്ഷേമ പെൻഷൻ എല്ലാമാസവും കൃത്യമായി വിതരണം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

## <u>ശബരിമലയിൽ തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ</u>

*22 **ശ്രീ. രാജീവ് ചന്ദ്രശേഖർ**

**ശ്രീ. വി. മുരളീധരൻ**

**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ കന്നിമാസ പൂജാ സമയത്ത് അരവണ വിതരണത്തിൽ അപാകതകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് അന്വേഷണ വിധേയമാക്കിയിട്ടുണ്ടെങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ വിശദീകരിക്കുമോ;

(ബി) ശബരിമലയിൽ വർഷംതോറും തീർത്ഥാടകരുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് മൂലമുണ്ടാകുന്ന സുരക്ഷാ പ്രശ്നങ്ങളും അഭൂതപൂർവ്വമായ ഭക്തജനത്തിരക്ക് കാരണമുണ്ടാകുന്ന അപകടങ്ങളും ആൾക്കൂട്ട നിയന്ത്രണ സംവിധാനങ്ങളുടെ പോരായ്മയും പാരിസ്ഥിതിക പ്രശ്നങ്ങളും പ്രകൃതിക്ഷോഭ സാധ്യതയും ഉൾപ്പെടെയുള്ള പുതിയ സാഹചര്യങ്ങൾ കണക്കിലെടുത്ത് 2007ലെ നിലവിലെ മാസ്റ്റർ പ്ലാനിന് പകരം നിലയ്ക്കലും പമ്പയും കാനനപാതകളും മറ്റു സമീപ പ്രദേശങ്ങളും ഉൾപ്പെടുന്ന പുതുക്കിയ ഒരു സമഗ്ര മാസ്റ്റർ പ്ലാൻ നടപ്പാക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ പാർക്കിംഗ് സൗകര്യം, പൊതുഗതാഗത സൗകര്യം, താമസ സൗകര്യം, അടിയന്തര മെഡിക്കൽ സംവിധാനം, ഭക്ഷണ സൗകര്യം, മാലിന്യ സംസ്കരണ സംവിധാനം, ശൗചാലയങ്ങൾ തുടങ്ങിയ എല്ലാ സൗകര്യങ്ങളും അടങ്ങുന്ന ഒരു ബേസ് ക്യാമ്പ് നിലയ്ക്കലിൽ നടപ്പാക്കണം എന്ന ആവശ്യം നിരന്തരമായി ഉന്നയിക്കപ്പെട്ടു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**<u>പി.എസ്.സി. പരീക്ഷാ ക്രമക്കേടിൽ നടപടി</u>**

*23 **ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പി.എസ്.സി.യുടെ പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ടുള്ള വീഴ്ചകൾ പരിഹരിക്കുന്നതിനും പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

**(ബി)** പി.എസ്.സി. പരീക്ഷയിലും നിയമനത്തിലുമുള്ള ക്രമക്കേട് സംബന്ധിച്ച പരാതികളിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; പി.എസ്.സി. പരീക്ഷയുടെ ചോദ്യപേപ്പർ മാറിയതുപോലെയുള്ള വീഴ്ചകൾ തടയാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

**(സി)** പി.എസ്.സി. പരീക്ഷാനടത്തിപ്പിലും റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതുൾപ്പെടെയുള്ള നടപടികളിലും സുതാര്യത ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>ശബരിമല മാസ്റ്റർ പ്ലാൻ</u>**

***24** **ശ്രീ. രമേഷ് പിഷാരടി**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. കെ. എം. അഭിജിത്ത്**
**ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ശബരിമലയിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

**(ബി)** ഇതിനായി കൂടുതലായി വനഭൂമി ലഭ്യമാക്കേണ്ടതുണ്ടോ; ഇതിന് കേന്ദ്ര -സംസ്ഥാന വനം വകുപ്പുകളുടെ അനുമതി ആവശ്യമാണോ; വ്യക്തമാക്കുമോ; വാഹന പാർക്കിങ്ങിന് കൂടുതൽ സ്ഥലം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

**(സി)** ലക്ഷക്കണക്കിന് ഭക്തർ എത്തിച്ചേരുന്ന തീർത്ഥാടന കേന്ദ്രം എന്ന നിലയ്ക്ക് സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ വിശ്രമസ്ഥലങ്ങളും ശുചിമുറികളും സജ്ജീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>നെല്ല് സംഭരണം</u>**

*25 **ശ്രീമതി ഫാത്തിമ തഹിലിയ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. ഫൈസൽ ബാബു**
**ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് വഴി സംഭരിക്കുന്ന നെല്ലിന്റെ വില പി.ആർ.എസ്. വായ്പയല്ലാതെ നേരിട്ട് നൽകുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് പണം നൽകുന്നതിനാവശ്യമായ തുക കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത തുക എപ്രകാരം കണ്ടെത്താനാണ് ശ്രമിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) കേന്ദ്ര സർക്കാരിൽ നിന്നുമുള്ള താങ്ങുവില ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

## പി.എസ്.സി പരീക്ഷകളിലെ ക്രമക്കേടുകൾ

*26 **ശ്രീ. എം. റഹ്മത്തുള്ള**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. സി. കെ. കാസിം**
**ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരീക്ഷകളിൽ ക്രമക്കേടുകൾ നടന്നതായ ആക്ഷേപം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കെ.എ.എസ്. പരീക്ഷയുടെ ചോദ്യം തയ്യാറാക്കിയതിലും അഭിമുഖം നടത്തിയതിലും രാഷ്ട്രീയ ഇടപെടലുകൾ ഉണ്ടായതായ പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിവരങ്ങൾ നൽകാമോ;

(സി) എങ്കിൽ ഇത്തരം പരാതികളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

## മാലിന്യ സംസ്കരണം

*27 **ശ്രീ. സുധീർഷാ പാലോട്**

**ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. രാജൻ. ജെ. പല്ലൻ**

**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നിലവിൽ എന്തെല്ലാം മാർഗ്ഗങ്ങളാണ് ഉള്ളതെന്ന് വിശദമാക്കാമോ;

**(ബി)** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജൈവമാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണം നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; അതിനായി കേന്ദ്രീകൃത സംസ്കരണ പ്ലാന്റ് എവിടെയെല്ലാം ഉണ്ടെന്ന് വിശദമാക്കാമോ;

**(സി)** സംസ്ഥാനത്തെ വിവിധ മേഖലകളായി തിരിച്ച് മുഴുവൻ ജൈവ-അജൈവമാലിന്യങ്ങളും സംസ്കരിക്കാവുന്ന വിധത്തിലുള്ള പ്ലാന്റുകൾ തദ്ദേശീയരായ ജനങ്ങളെ വിശ്വാസത്തിലെടുത്ത് സ്ഥാപിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

## വിദേശയാത്ര

*28 **ശ്രീ. കെ. കെ. രാമചന്ദ്രൻ**

**ശ്രീ. പി. എ. മുഹമ്മദ് റിയാസ്**

**ശ്രീ. എം. വിജിൻ**

**ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഈ സർക്കാർ അധികാരമേറ്റ ശേഷം വിദേശയാത്ര നടത്തിയ മന്ത്രിമാർ ആരൊക്കെയെന്നും ഏതൊക്കെ രാജ്യങ്ങളിലാണ് സന്ദർശനം നടത്തിയതെന്നും വിശദമാക്കുമോ;

**(ബി)** മന്ത്രിമാരുടെ യാത്രയ്ക്ക് പൊളിറ്റിക്കൽ ക്ലിയറൻസ് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

**(സി)** പ്രസ്തുത യാത്രകളുടെ ചെലവ് വഹിച്ചത് ആരാണെന്ന് വിശദമാക്കുമോ;

(ഡി) മന്ത്രിമാർ സ്വകാര്യ വ്യക്തികളിൽ നിന്നോ സംഘടനകളിൽ നിന്നോ ഇത്തരത്തിൽ ആനുകൂല്യം പറ്റുന്നത് അഴിമതിക്ക് ഇടവരുത്തും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപ്രകാരം ഉണ്ടാകാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

## സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

***29 ശ്രീ. പി. കെ. ഫിറോസ്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി .എം. എ. സമീർ**
**ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിനാൽ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുന്നതിനായി ഭരണപരിഷ്കാര നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) വിവിധ പദ്ധതികളുടെ നിർവഹണത്തിനും വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനുമായി സെക്രട്ടറിമാരുടെ ഉന്നതാധികാര സമിതി രൂപീകരിക്കുവാൻ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

## സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനഘടന

***30 ശ്രീ. എ. ഡി. തോമസ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി രമ്യ ഹരിദാസ്**
**ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനഘടന കൂടുതൽ ആകർഷകമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**(ബി)** ഇത്തവണത്തെ ഓണം ബമ്പർ ലോട്ടറിയുടെ ടിക്കറ്റ് പൂർണ്ണമായും വിറ്റ് തീർന്നിരുന്നോ; എത്ര ടിക്കറ്റുകളുടെ വില്പന നടത്തി; ഇത് സർവ്വകാല റെക്കോർഡ് ആണോ; ഈ ഇനത്തിൽ സർക്കാരിന് എത്ര രൂപയുടെ വരുമാനം ലഭിച്ചു എന്ന് വിശദമാക്കാമോ;

**(സി)** ലോട്ടറി തൊഴിലാളികളുടെയും ഏജന്റുമാരുടെയും ക്ഷേമത്തിനായുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഓണത്തിന് ബോണസ് അടക്കമുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാൻ സാധിച്ചിരുന്നോ; വിശദാംശം ലഭ്യമാക്കാമോ?

കേരളനിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ഒക്ടോബർ 03, ശനി

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].